# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5715 03.11.2016-ൽ മറുപടിക്ക്

## പ്ലോട്ടുകളിലെ നിയമവിരുദ്ധ തേക്ക്മുറിക്കൽ

ചോദ്യം

ശ്രീ.പി.സി. ജോർജ് :

എ) സംസ്ഥാനത്ത് വളർച്ച എത്തി മുറിക്കാറായ എത്ര സർക്കാർ തേക്ക് പ്ലോട്ടുകൾ ഉണ്ടെന്നും ഇത് എവിടെയൊക്കെയാണെന്നും എത്ര തേക്ക്മരങ്ങൾ ഉണ്ടെന്നും ജില്ല തിരിച്ച് സ്ഥലം സഹിതം വിശദമാക്കാമോ;

ഉത്തരം

**അഡ്വ.കെ.രാജു**
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ)

| ക്രമ നം. | സർക്കിൾ | ജില്ല | ഡിവിഷൻ | തേക്ക് തോട്ടങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | കൊല്ലം | പുനലൂർ | 5 |
| | | | തെന്മല | 2 |
| 2 | | പത്തനംതിട്ട | റാന്നി | 7 |
| | | | കോന്നി | 29 |
| 3 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | കോട്ടയം | 6 |
| 4 | | ഇടുക്കി | കോട്ടയം | 12 |
| 5 | | എറണാകുളം | കോതമംഗലം | 7 |
| 6 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | എറണാകുളം | മലയാറ്റൂർ | 3 |
| 7 | | തൃശ്ശൂർ | ചാലക്കുടി | 39 |
| | | | തൃശ്ശൂർ | 5 |

| | | | | |
|---|---|---|---|---|
| 8 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | പാലക്കാട് | നെന്മാറ | 7 |
| | | | പാല-ക്കാട് | 7 |
| | | | മണ്ണാർക്കാട് | 3 |
| 9 | | മലപ്പുറം | നിലമ്പൂർ (സൗത്ത്) | 2 |
| | | | നിലമ്പൂർ (നോർ-ത്ത്) | 9 |
| 10 | നോർ-ത്തേൺ സർക്കിൾ, കണ്ണൂർ | കാസർ-ഗോഡ് | കാസർ-ഗോഡ് | 1 |

തേക്ക് മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

ബി) പ്രസ്തുത തേക്ക് ഉപ്പ്-കളിലെ തേക്ക് മരം മുറിച്ച് ഫോറസ്റ്റിന്റെ വിവിധ ഡിപ്പോകളിലേയ്ക്ക് അട്ടി-യിടുന്ന ടെണ്ടർ ജോലിയ്ക്ക് അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെണ്ടർ നടപടികൾ ടെണ്ടർ മുഖാന്തിരമേ നടത്താൻ പാടുള്ളു എന്ന നിയമം തെറ്റിച്ച് റാന്നി, കോന്നി മുതലായ ഡിവിഷനുകളുടെ കീഴിൽ 'കൺവീനർ സിസ്റ്റത്തിൽ' ഇപ്പോൾ തേക്കുമുറി നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കൊല്ലം സതേൺ സർക്കിളിന്റെ പരിധിയിൽപ്പെട്ട റാന്നി ഡിവിഷനിലെ 2 തോട്ടങ്ങളിൽ കൺവീനർ സമ്പ്രദായത്തിൽ തേക്ക് മുറി നടത്തുന്നുണ്ട്. ടെണ്ടർ നടത്തി അന്തിമ വെട്ട് നടത്തിയിട്ടുള്ള ഭൂരിഭാഗം തോട്ടങ്ങളിലും അടങ്കൽ തുകയെക്കാൾ വളരെ കൂടിയ നിരക്കിലാണ് ടെണ്ടർ നടന്നിട്ടുള്ളത്. മേൽ സാഹചര്യത്തിൽ അടങ്കൽ തുകയിൽ നിന്ന് കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് 10% തുക കുറച്ച നിരക്കിൽ ജോലി ഏറ്റെടുത്ത് നടത്തുവാൻ കൺവീനർ തയ്യാറായ തോട്ടങ്ങളിലാണ് കൺവീനർ സിസ്റ്റത്തിൽ

| | |
|---|---|
| ഇത് ഉദ്യോഗസ്ഥ-കൺവീനർ അഴിമതിയ്ക്ക് വേണ്ടി ആണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അനധികൃത-മായ ഇത്തരം തേക്കുമുറി അവസാനിപ്പിച്ച് നിയമാ-നുസൃതമായി, ഇ-ടെണ്ടർ നടപടികളിലൂടെ തേക്ക-മുറി നടപ്പാക്കുമോ; വിശദ-മാക്കുമോ; | അന്തിമ വെട്ട് നടത്തിയിട്ടുള്ളത്. പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം മാത്രം തേക്ക് മുറി നടത്തുവാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത കൺവീനർ സിസ്റ്റത്തിൽ തേക്കുമുറി നടപ്പാക്കിയ ഉദ്യോഗസ്ഥർ ആരൊക്കെ; ഇവരുടെ പേര് വിവരം വെളിപ്പെടു-ത്തുമോ; ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; | (സി) റാന്നി ഡിവിഷനിൽ കൺവീനർ വഴി അന്തിമ വെട്ട് നടത്തിയപ്പോൾ ഡിവിഷൻ/റെയ്ഞ്ച് ചാർജ്ജ് വഹിച്ചവരുടെ പേരുവിവരം താഴെ ചേർക്കുന്നു.<br>1. ശ്രീ.ജി.എം.കൊച്ചുകാഞ്ഞിരം, ഐ.എഫ്.എസ്. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി).<br>2. ശ്രീ.എ.നൗഷാദ്, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, റാന്നി റെയ്ഞ്ച്.<br>3. ശ്രീ.കെ.വി.ഹരികൃഷ്ണൻ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, വടശ്ശേരിക്കര റെയ്ഞ്ച്<br>ഇവർക്കെതിരെ നടപടികൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| ഡി) | ഇപ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലുള്ള തേക്ക് മുറിക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കൺവീനർ സിസ്റ്റത്തിൽ അന്തിമ വെട്ട് നടത്തുന്നതിനെതിരെ റാന്നി ഡിവിഷനിൽ ശ്രീ.തോമസ് ഉമ്മൻ (പൂർണ്ണമായ മേൽ വിലാസം പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ല.) എന്നയാൾ 02.03.2016-ലും റാന്നി ജില്ല ഫോറസ്റ്റ് സംരക്ഷണ സമിതി (പൂർണ്ണമായ മേൽവിലാസം പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ല.) എന്ന പേരിൽ 30.05.2016-ലും വനം വകുപ്പ് മന്ത്രിക്ക് പരാതികൾ സമർപ്പിച്ചിട്ടുണ്ട്. |

VBeena

**സെക്ഷൻ ഓഫീസർ**